

THURSDAY 18/09/2025 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. KS Editor: Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 18/09/2025

1. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൻറെയും കാർഷിക വികസന കർഷകക്ഷേമ വകുപ്പിൻറെയും സംയുക്താഭിമുഖ്യത്തിൽ പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടത്തിൽ വച്ച് തിരുവനന്തപുരം ജില്ലയിലെ വിവിധ ഫാമുകളുടെ ഒരു ഫാം ഫെസ്റ്റ് 'ഫാം ഫ്യൂഷൻ 25' എന്ന പേരിൽ ഈ മാസം 17, 18, 19 തീയതികളിലായി നടന്നുവരുന്നു. ഫാം ഫെസ്റ്റിൻറെ രണ്ടാം ദിനമായ ഇന്ന് (18.09.2025 വ്യാഴാഴ്ച) **കാർഷിക സെമിനാറിൻറെ ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി പി.പ്രസാദ് നിർവഹിക്കുന്നതാണ്.** ഇതിനോടനുബന്ധിച്ച് കാർഷിക മേഖലയിലെ നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിനായി വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി സെമിനാറുകൾ, പ്രദർശന വിപണന സ്റ്റാളുകൾ, ഫാം വിസിറ്റ്, കലാപരിപാടികൾ, കൃഷി അധിഷ്ഠിത വിനോദ വിജ്ഞാന മത്സരങ്ങൾ എന്നിവയും സംഘടിപ്പിക്കുന്നു.

2. MIDH പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ നന്നായി പ്രവർത്തിക്കുന്ന സർവീസ് സഹകരണ ബാങ്കുകൾ, FPO കൾ, മറ്റ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സംരംഭകർ, ഗ്രൂപ്പുകൾ എന്നിവർക്ക് താഴെ പറയുന്ന ഘടകങ്ങൾക്ക് സബ്സിഡി ലഭ്യമാണ്.

1.പ്രീ കൂളിംഗ് യൂണിറ്റ് – 1.75 ലക്ഷം

2. കോൾഡ് റൂംസ് – 1 എണ്ണം –18.2 ലക്ഷം

3.റെഫ്രിജറേറ്റഡ് ട്രാൻസ്പോർട് വെഹിക്കിൾ – 1 എണ്ണം–10.85 ലക്ഷം

4. പ്രൈമറി /മിനിമൽ പ്രോസസ്സിംഗ് യൂണിറ്റ് –2 യൂണിറ്സ് –24.5 ലക്ഷം

5. സോളാർ ക്രോപ് ഡ്രയർ –10 എണ്ണം –10 ലക്ഷം 70 kg കപ്പാസിറ്റി

6. 100 കി ഗ്രാം കപ്പാസിറ്റി 7 എണ്ണം– 9.8 ലക്ഷം.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ +91 755–9047579. അപേക്ഷ ലഭിക്കേണ്ട അവസാന തീയ്യതി 25/09/2025.

3. കേരള കാർഷിക സർവകലാശാലക്ക് കീഴിൽ മണ്ണുത്തി വെള്ളാനിക്കരയിൽ പ്രവർത്തിക്കുന്ന ഫോറസ്ട്രി കോളേജിൽ സിൽവികൾച്ചർ & അഗ്രോ ഫോറസ്ട്രി എന്ന വിഷയത്തിൽ നിലവിലുള്ള അസിസ്റ്റന്റ് പ്രൊഫസർ ഒഴിവിലേക്ക് ഒരുവർഷത്തേക്കു കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അപേക്ഷകൾ ക്ഷണിച്ചു. പ്രതിമാസ ശമ്പളം 44,100/– രൂപ. അപേക്ഷകൾ 22.09.2025, വൈകീട്ട്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5 മണിക്ക് മുൻപായി deanforestry@kau.in എന്ന ഈമെയിലിലേക്ക അയക്കേണ്ടതാണ്. വിശദ വിവരങ്ങൾക്കും ആപ്ലിക്കേഷൻ ഫോം ലഭിക്കുന്നതിനും www.kau.in/announcement/32682 എന്ന ലിങ്ക് സന്ദർശിക്കുക. ഫോൺ നമ്പർ 0487 2438401.

4. തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട പഞ്ചായത്തിലെ മുഴുവൻ വളർത്തുനായ്ക്കളെയും പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നതിനും ലൈസൻസ് എടുക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റ് നൽകുന്നതിനുമായി ഇന്ന് സെപ്തംബർ 18-ന (18-9-2025) ചൂണ്ടുപലക, മുതിയാവിള, കളിയാകോട്, കുളത്തോട്ടുമല എന്നീ കേന്ദ്രങ്ങളിൽ വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിച്ചിരിക്കുന്നു. പ്രസ്തുത ക്യാമ്പുകളിൽ വെച്ച് നായ്ക്കൾക്ക് സൗജന്യ നിരക്കിൽ പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നു. നായ ഒന്നിന് വാക്സിനേഷൻ ചാർജ്ജായി 55 രൂപ (രൂപ അൻപത്തിഅഞ്ച് മാത്രം) വീതം നൽകേണ്ടതാണെന്ന് കാട്ടാക്കട സീനിയർ വെറ്റിനറി സർജൻ അറിയിച്ചു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. കേരള കാർഷിക സര്വകലാശാലയുടെ തവനൂർ (മലപ്പുറം) കേളപ്പജി കാർഷിക എഞ്ചിനീയറിംഗ് ആൻഡ് ഫുഡ് ടെക്നോളജി കോളേജിൽ RF മോഡിൽ നടത്തുന്ന ബി.ടെക് (അഗ്രിക്കൾച്ചറല് എഞ്ചിനീയറിംഗ്) കോഴ്സിലെ CUET (ICAR-UG) 2025 റാങ്ക് അടിസ്ഥാനമാക്കി അഡ്മിഷൻ നടത്തുന്ന സീറ്റുകളിലേക്ക് അപേക്ഷിക്കുവാനുള്ള അവസാന തിയ്യതി 18.09.2025 ന് അവസാനിക്കും. വിശദവിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും www.admissions.kau.in എന്ന സർവകലാശാല വെബ്പോർട്ടല് സന്ദർശിക്കുക. അന്വേഷണങ്ങൾക്ക് 0487-243-8139 എന്ന നമ്പരില് ഓഫീസ് സമയത്ത് (രാവിലെ 10 മുതല് വൈകീട്ട് 5 വരെ) ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടി

6. വെള്ളായണി കാർഷിക കോളജിൽ ശീതകാല പച്ചക്കറിക്കൃഷി എന്ന വിഷയത്തിൽ ഈ മാസം 23ന് പരിശീലന പരിപാടിയും സൗജന്യ വിത്തു വിതരണവും നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 8891540778.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 20 ന് കാട വളർത്തൽ എന്ന വിഷയത്തിലും, പരിശീലനം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺനമ്പർ 04972-763473.

8. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർതോട്ടങ്ങളിലെ ഇടവിളക്കൃഷിയിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. 2025 സെപ്റ്റംബർ 23-ന് രാവിലെ 10.30 മുതൽ 12.30 വരെയാണ് പരിശീലനം. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9495928077 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്. ഇമെയിൽ:training@rubberboard.org.in

## കാർഷിക നിർദേശം

1. കശുമാവ് തളിരിട്ട്തുടങ്ങുന്ന സമയമാണിപ്പോൾ. സമയത്താണ് തേയിലക്കൊതുകിന്റെ ഉപദ്രവം ആരംഭിക്കുന്നത്. ആന്ത്രാക്നോസ് എന്ന രോഗം കൂടി ബാധിച്ചാൽ ഇളംതണ്ടുകളും തളിരിലകളും, പൂങ്കുലയും

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കരിഞ്ഞ് പോകുന്നതായികാണാം. ഈ കുമിളിന്റെ വിത്തുകൾ തണ്ടിൽ പ്രവേശിച്ച കഴിഞ്ഞാൽ ആ ഭാഗത്ത്കടുംതവിട്ട നിറത്തിൽ പാടുകൾ ഉണ്ടാകും. ഈ പാടിൽ നിന്നും ഒരു ദ്രാവകം ഒലിച്ചിറങ്ങുന്നു. പിന്നീടത് ഉണങ്ങി തിളങ്ങുന്ന കട്ടയാകുന്നു. ക്രമേണ തണ്ട് ഉണങ്ങും. കശുമാവ്തളിരിടുന്ന സെപ്റ്റംബർ – ഒക്ടോബർ മാസങ്ങളിൽ തേയിലക്കൊതുകിനെ നിയന്ത്രിക്കുന്നതിന് വേപ്പെണ്ണ മിശ്രിതം (അഞ്ചു മി.ലി, വേപ്പെണ്ണ 5 ഗ്രാം ബാർസോപ്പും ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് നല്ലപോലെ കലക്കിചേർത്ത്) അല്ലെങ്കിൽ 5% വീര്യമുള്ള വേപ്പിൻകുരുസത്ത്തളിക്കുക. ആന്ത്രാക്നോസ് രോഗം (ഇലപ്പുള്ളി) നിയന്ത്രിക്കാൻ സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ തളിക്കേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം